# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

## സ്കൂൾ തലം

GTS PANANCHERY

# ആമുഖം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വർഷത്തിൽ എല്ലാവർക്കും സമ്പൂർണ്ണ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിറുത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുഞ്ഞുങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് കൂടുതൽ ഉയരങ്ങളിലെത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര്: ജി ടി എസ് പാണഞ്ചേരി

ഫോൺ നമ്പർ: 7909225290 (Hm Phone number)

സ്കൂൾ കോഡ്: 22407

വിദ്യാഭ്യാസ ജില്ല: തൃശ്ശൂർ

ഉപജില്ല: തൃശ്ശൂർ ഈസ്റ്റ്

ബി ആർ സി: ബി ആർ.സി ഒല്ലൂക്കര

ഗ്രാമപഞ്ചായത്ത്: പാണഞ്ചേരി

ബ്ലോക്ക് പഞ്ചായത്ത്: ഒല്ലൂക്കര

താലൂക്ക്: തൃശ്ശൂർ

ജില്ലാ പഞ്ചായത്ത്: തൃശ്ശൂർ

ഇ-മെയിൽ വിലാസം: gtspananchery22407@gmail.com

പ്രധാനാധ്യാപിക: ജിജി ടീച്ചർ

മറ്റു അധ്യാപകർ: ബിന്ദു ടീച്ചർ.

ക്ലാസ്സുകൾ: 1 മുതൽ 4 വരെ

ആകെ കുട്ടികൾ: 5 (3 Boys + 2 Girls)

# ജി ടി എസ് പാണഞ്ചേരി - ലഘുവിവരണം

തൃശ്ശൂർ ജില്ലയിൽ പാണഞ്ചേരി ഗ്രാമത്തിലെ പൂവൻചിറ മലയൻ കോളനിയിലാണ് ഗവൺമെന്റ് ട്രൈബൽ സ്കൂൾ പാണഞ്ചേരി സ്ഥിതിചെയ്യുന്നത്. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നവരിൽ ഭൂരിഭാഗവും. 1956ലാണ് ഈ സ്കൂൾ സ്ഥാപിതമായിരിക്കുന്നത്. 1 മുതൽ 4 വരെ ക്ലാസുകളാണ് ഉള്ളത്. 5 കുട്ടികൾ മാത്രമാണ് ഇന്ന് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. ഒന്നാം ക്ലാസിൽ 2 പേരും 3, 4 ക്ലാസുകളിൽ യഥാക്രമം 2ഉം 1ഉം കുട്ടികൾ പഠിക്കുന്നു. 4 ക്ലാസ്മുറികളും അടുക്കളയും ഓഫീസ് റൂമും ഉള്ള ഈ വിദ്യാലയത്തിൽ HM ജിജിടീച്ചർ, ബിന്ദുടീച്ചർ (LPST) ഒരു ഡെയ്‌ലിവേജ് അധ്യാപിക (ഷീജ) എന്നിവരും PTCM (രമണി), പാചകത്തൊഴിലാളി (ബീനമത്തായി) എന്നിവരും ജോലി ചെയ്ത് വരുന്നു. ലൈബ്രറി, ടൊയ്‌ലറ്റ് ക്ലാസ്മുറികൾ, എന്നിവയും സ്കൂളിൽ ഉണ്ട്.

# പൊതുലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
* കുട്ടിയുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പ്രോത്സാഹനവും കൂടുതൽ പരിശീലനവും നൽകുക.
* ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഫലപ്രദമായി ക്ലാസുകളിൽ ഉപയോഗിക്കുക.
* മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടിയ്ക്ക് ഉറപ്പു-വരുത്തുക.
* സ്കൂളിലെ എല്ലാ കുട്ടികൾക്കും അക്കാദമിക പിന്തുണ നൽകുക.
* ആശയ പ്രകടനശേഷി വർധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* കുട്ടികളിലെ അവ കർത്തവ്യബോധം മാറ്റിയെടുക്കുക.
* ജൈവവൈവിധ്യം (സ്കൂളിലെ) സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.
* ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, വേസ്റ്റ് നിർമാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക.
* കൃഷി, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കാൻ കുഞ്ഞുങ്ങളെ ശക്തരാക്കുക. ക്ലബ്ബുകൾ രൂപീകരിക്കുക.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം (മലയാളം, ഇംഗ്ലീഷ്)

1. കുട്ടികൾക്ക് അർത്ഥപൂർണ്ണമായി വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് കുട്ടിയെ സഹായിക്കുക.
3. സ്വതന്ത്ര്യ വായനയ്ക്കും എഴുത്തിനും കുട്ടിയെ സജ്ജമാക്കുക.
4. ക്ലാസ്സ് തലത്തിൽ വായന മൂല / ലൈബ്രറി സജ്ജീകരിക്കുക.
5. മികച്ച വായനാശീലം വളർത്തുക.
6. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
7. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
8. സ്വതന്ത്ര്യ രചയ്ക്ക് അവസരം സൃഷ്ടിച്ച് സ്വതന്ത്ര്യ രചയിതാക്കളാക്കുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
3. യുക്തിചിന്ത, ഗണിതചിന്ത, വിശകലനശേഷി എല്ലാ കുട്ടികളിലും വളർത്തുക.
4. ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക.

## പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക.
2. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം വളർത്തുക.
3. ശാസ്ത്രലാബ് സജ്ജീകരിക്കുക.
4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ അറിയിക്കുക.
5. ICT സാധ്യതകൾ ശാസ്ത്രപഠനത്തിൽ പ്രയോജനപ്പെടുത്തുക.

## സാമൂഹിക - വൈകാരികാവബോധം

* സമൂഹത്തിൽ നന്നായി പ്രവർത്തിക്കാൻ കുട്ടിയെ പ്രാപ്തമാക്കുക.
* ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.
* ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള വേദി ഒരുക്കുക.

## ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ

* IT ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ സാഹചര്യം ഒരുക്കുക.

## കലാ - കായിക - പ്രവൃത്തിപരിചയം

* കലാഭിരുചി വളർത്തുക.
* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
* എല്ലാ കുട്ടികളുടേയും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
* നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കുക
* ഇതരവിഷയങ്ങളുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

മലയാളത്തിൽ പഠനപിന്നാക്ക അവസ്ഥ പരിഹരിക്കാൻ ചെയ്യേണ്ടവ –

മേഖല – വായന

ലക്ഷ്യം : വിക്കറ്റ് വായനാശീലം വളർത്തുക.
അർത്ഥപൂർണ്ണമായി വായിക്കാൻ
കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തൽ

പ്രവർത്തനങ്ങൾ :
ക്ലാസ് തലത്തിൽ വായന കോർണർ സജ്ജീകരിക്കുക.
– "ക്ലാസ് ഒരു വായനക്കൂട് ഒപ്പം വീട് ഒരു വായനക്കൂട്"

കാലം – ജൂൺ മാസം മുതൽ മാർച്ച് വരെ.

ചുമതല – ക്ലാസ് അധ്യാപകർ, HM, വായനശാല, മറ്റു പ്രാദേശിക ക്ലബ്ബുകൾ.

മേഖല – ലേഖനം

ലക്ഷ്യം :- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം ഒരുക്കുക (രചനോത്സവം)

പ്രവർത്തനങ്ങൾ :- ക്ലാസ്സ് തലത്തിൽ മാഗസിൻ, പതിപ്പുകൾ ചുമർചിത്രം എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കുക.

കാലം – ജൂൺ മുതൽ മാർച്ച്

ചുമതല – ക്ലാസ് അധ്യാപകർ

ഇംഗ്ലീഷ്

ലക്ഷ്യം :- ഇംഗ്ലീഷിലുള്ള അറിവ് കാരങ്ങൾക്ക് അവസരം നൽകുക
ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തൽ

പ്രവർത്തനങ്ങൾ :- ഇംഗ്ലീഷ് അസംബ്ലി നടത്തുക.
റീഡിംഗ് കാർഡുകൾ നിർമ്മിക്കൽ
പത്ര വായന
ക്ലാസിൽ ഇംഗ്ലീഷ് സംസാരിക്കാൻ അവസരം നൽകുക.

കാലം - ജൂൺ - മാർച്ച് വരെ
ചുമതല - ക്ലാസ് അധ്യാപകർ

ഗണിതം :-

ലക്ഷ്യം :- അടിസ്ഥാന ഗണിത ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുക.

പ്രവർത്തനങ്ങൾ :- ഗണിത ലാബ് നിർമ്മിക്കുക.
ഗണിതകേളികൾ നടത്തുക.
ഗണിത ശില്പശാലകൾ സംഘടിപ്പിക്കുക

കാലം - ജൂൺ മുതൽ
ചുമതല - ക്ലാസ് അധ്യാപകർ

പരിസരപഠനം

ലക്ഷ്യം :- ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക.

പ്രവർത്തനങ്ങൾ :- പരീക്ഷണങ്ങൾ, ശില്പശാലകൾ, പഠനയാത്ര നടത്തുക.
പരിസര നിരീക്ഷണത്തിന് അവസരം നൽകുക.

കാലം - ജൂൺ മുതൽ
ചുമതല - ക്ലാസ് അധ്യാപകർ

## വിവര സാങ്കേതിക വിദ്യ

ലക്ഷ്യം :- IT പഠനം കാര്യക്ഷമമായി നടത്തുക.

പ്രവർത്തനങ്ങൾ :- IT ലാബ്, ഗെയിമുകൾ ചെയ്യുക. ഒരുക്കുക.
മറ്റു വിഷയങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് IT കൈകാര്യം ചെയ്യുക.

കാലം - ജൂൺ മുതൽ
ചുമതല - ക്ലാസ്സ് അധ്യാപകർക്ക്.

## കലാകായിക പ്രവൃത്തിപരിചയം

ലക്ഷ്യം - കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
കുട്ടികളിലെ കായിക ക്ഷമത വർധിപ്പിക്കുക.

പ്രവർത്തനങ്ങൾ :- Indoor - outdoor game കൾ നൽകുക.
Zumba dance, ലഘുവ്യായാമങ്ങൾ എന്നിവ നൽകുക.
കലാപരമായ കഴിവുകൾ വികസിപ്പിക്കാൻ ക്ലാസ്സുകളിലെ സർഗ്ഗവേള ഉപയോഗപ്പെടുത്തുക.
നിർമ്മാണ പ്രവർത്തനങ്ങൾ നൽകുക.

കാലം :- ജൂൺ മുതൽ
ചുമതല :- ക്ലാസ് അധ്യാപകർ

നന്ദി :-

അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾ ചെയ്ത് കുട്ടികളെ ഉന്നതങ്ങളിൽ എത്തിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. നന്ദി.

നന്ദി